LIBRARY ARCHIVES Kerala Legislative Assembly

ദേവസ്വം ബോർഡിന് കീഴിലുള്ള അമ്പലങ്ങളിലെ പൂജാരിമാർക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ നടപടി

49 [1354] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിന് കീഴിലുള്ള അമ്പലങ്ങളിൽ പ്രവൃത്തി എടുക്കുന്ന പൂജാരിമാർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ക്ഷേത്രങ്ങളിലെ പൂജാരിമാർ തൊഴിൽ തർക്ക നിയമപ്രകാരം തൊഴിലാളി എന്ന നിർവ്വചനത്തിൽ വരുന്നവരല്ല. എന്നിരുന്നാലും പൂജാരികൾ ഉൾപ്പെടെയുള്ള എല്ലാ ക്ഷേത്ര ജീവനക്കാർക്കും ക്ഷേമനിധി രൂപീകരിക്കുന്ന കാര്യം സർക്കാർ തലത്തിൽ പരിശോധിക്കുന്നതാണ്.

ബാലവേലയ്ക്കെതിരെ നടപടി

50[1355] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാലവേല നിരോധിച്ചുകൊണ്ടുള്ള നിയമം ഇപ്പോഴും പ്രാബല്യത്തിലുണ്ടോ;

(ബി) പ്രായപൂർത്തിയാകാത്ത കുട്ടികളെ വീടുകളിൽ കഠിനമായി ജോലി ചെയ്യിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് അവസാനിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുട്ടികളെക്കൊണ്ട് ഹോട്ടലുകളിലും വീടുകളിലും കഠിനമായി ജോലികൾ ചെയ്യിപ്പിച്ചതിന് ആർക്കെങ്കിലും എതിരെ കേസെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) 14 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളെക്കൊണ്ട് കഠിനപ്രയത്നം ആവശ്യമുള്ള ജോലി ചെയ്യിക്കുന്നത് നിരോധിച്ചുകൊണ്ടുള്ള 1986-ലെ ബാലവേല (നിരോധനവും നിയന്ത്രണവും) നിയമം പ്രാബല്യത്തിലുണ്ട്.